I ഇ.ബി. XIII- കേരള നിയമസഭ/IX-4

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**സാമ്പത്തിക തട്ടിപ്പ്**

മി. സ്പീക്കർ: സാമ്പത്തിക കുറ്റങ്ങൾക്ക് നേരത്തെ ജയിലിലടയ്ക്കപ്പെട്ടിട്ടുള്ളതും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കേസുകളിൽ പോലീസ് അന്വേഷിച്ചുവരുന്നതുമായ സാമ്പത്തിക തട്ടിപ്പുകാരി തന്റെ കേസുകൾ തീർക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രാജു എബ്രഹാം, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സൗരോർജ്ജ പ്ലാന്റുകളും കാറ്റാടിപ്പാടങ്ങളും വാഗ്ദാനം ചെയ്ത് പലരിൽ നിന്നായി കോടിക്കണക്കിന് രൂപ തട്ടിയെടുത്ത കേസിലെ പ്രധാന പ്രതികളിലൊരാളായ സരിത എസ്. നായർ, ലക്ഷ്മി നായർ എന്നീ പേരുകളിലറിയപ്പെടുന്ന സ്ത്രീയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ സംസ്ഥാനത്തെ പല ജില്ലകളിലും സരിത എസ്. നായരും ഭർത്താവ് ബിജു രാധാകൃഷ്ണനും പൊതുജനങ്ങളെ കബളിപ്പിച്ച് കോടിക്കണക്കിന് രൂപ തട്ടിയെടുത്തതായി തെളിഞ്ഞിട്ടുണ്ട്. ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് വിവിധ ജില്ലകളിലായി ഇവരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിന്മേൽ സമഗ്ര അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതാണ്. എന്റെ ഓഫീസ് ഈ കേസ് അന്വേഷണത്തിൽ ഇടപെട്ടിട്ടില്ല.

ശ്രീ. രാജു എബ്രഹാം: മുഖ്യമന്ത്രി സ്ഥിരമായി ഉപയോഗിച്ചുവരുന്ന മൊബൈൽ ഫോൺ, ഔദ്യോഗിക വസതിയിലെയും ഓഫീസിലെയും ലാന്റ് ഫോണുകൾ എന്നിവയിൽ നിന്ന് സാമ്പത്തിക തട്ടിപ്പുകാരിയായ സരിത എസ്. നായരുടെ ഫോണിലേയ്ക്കും തിരിച്ചും ഒരു മാസം എഴുപതിലധികം തവണ കോളുകൾ വരികയും പോകുകയും ചെയ്തിട്ടുള്ള തായിട്ടാണ് തെളിഞ്ഞിരിക്കുന്നത്. ഏതാണ്ട് 21 കേസുകളിൽ പ്രതിയായ ഇവരെ സംബന്ധിച്ച് വിവരം ശേഖരിക്കാൻ കഴിയാതിരുന്നത് പോലീസ്/ഇന്റലിജൻസ് സംവിധാനങ്ങളുടെ വീഴ്ചയാണ്. സൗരോർജ്ജ പ്ലാന്റുകളും കാറ്റാടിപ്പാടങ്ങളും വാഗ്ദാനം ചെയ്ത് കോടിക്കണക്കിന് രൂപ തട്ടിയെടുത്തതിന് ജയിൽശിക്ഷ അനുഭവിച്ചിട്ടുള്ള ഇവരുടെ

സോളാർ പദ്ധതി എമർജിംഗ് കേരളയിൽ ഉൾപ്പെടുത്തിയതിൽ ദുരൂഹത നിലനിൽക്കുകയാണ്. പ്രസ്തുത പദ്ധതി എമർജിംഗ് കേരളയിൽ പരിഗണിക്കപ്പെടണമെന്ന് മുഖ്യമന്ത്രി ശുപാർശ കത്ത് നൽകിയതായും റിപ്പോർട്ട് വന്നിരിക്കുന്നു. തട്ടിപ്പുകേസുകൾ ഒതുക്കാൻ ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഇടപെട്ടതിന്റെയും പോലീസ് അസോസിയേഷന്റെ പരിപാടി സരിത എസ്. നായർ സ്പോൺസർ ചെയ്തതിന്റെയും വിവരങ്ങളും പുറത്തു വന്നിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് കുറ്റവാളികളുടെ സംരക്ഷണ കേന്ദ്രമായി മാറിയിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സരിതാ എസ്. നായരുടെ പേരിൽ 13 കേസ്സുകൾ ഇതിനോടകം രജിസ്റ്റർ ചെയ്യുകയും അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എല്ലാ കേസ്സുകളും പോലീസ് പ്രത്യേകമായി പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യും. കേസ്സുകൾ പല ജില്ലകളിലായതു കൊണ്ട് പ്രത്യേക ടീമിനെ നിയോഗിച്ച് അന്വേഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ പരാമർശിക്കപ്പെട്ട കത്തിൽ പറയുന്ന വിവരങ്ങൾ എമർജിംഗ് കേരളയിൽ വന്ന പ്രോജക്ട് സംബന്ധിച്ചാണോ എന്ന് പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ സ്വതന്ത്രമായി അന്വേഷണം നടത്തുന്നതും കുറ്റക്കാരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു.റ്റി.തോമസ്,

എ. എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: പൊതുജനങ്ങൾക്കായുള്ള പലവിധ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന അക്ഷയകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുകയും അക്ഷയ സംരംഭകരുടെ പരിമിതമായ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുകയും കാലാനുസൃതമായി വേതനത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്യണം. സംരംഭകരും സർക്കാരും തമ്മിലുള്ള കരാറിന്റെ കാലാവധി 5 വർഷമായി വർദ്ധിപ്പിക്കുന്നതിന് നടപടി യുണ്ടാകണം. സ്ഥലപരിമിതിയെക്കുറിച്ചും വിവാഹിതനായ സംരംഭകന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ ഭേദഗതി വരുത്തണം. 150 സ്ക്വയർ ഫീറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപന ങ്ങൾ അതേ നിലയിൽ നിലനിർത്തുന്നതിന് സൗകര്യമൊരുക്കണം. 2000 കുടുംബങ്ങൾക്ക് ഒരു അക്ഷയകേന്ദ്രമെന്നുള്ള നിബന്ധന അതേരൂപ ത്തിൽത്തന്നെ നിലനിർത്തണം. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് ലൊക്കേഷൻ മാറി പ്രവർത്തിക്കാനും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സംരംഭകരോട് സൗഹാർദ്ദപരമായ സമീപനം ഉണ്ടാകുന്നതിനും നടപടി

സ്വീകരിക്കണം. അക്ഷയകേന്ദ്രങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് തുടർ ചർച്ചകൾ വേണ്ടതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സെൽഫ് എംപ്ലോയ്മെന്റ് പദ്ധതികളിൽ ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് അക്ഷയകേന്ദ്രങ്ങൾ. സർക്കാരിന്റെ വിവിധ പ്രോഗ്രാമുകൾ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്നത്. ഭാവിയിൽ എല്ലാ ഇ-സർവ്വീസുകളും സർക്കാർ സർവ്വീസുകളും അക്ഷയകേന്ദ്രം വഴി നൽകേണ്ട സാധ്യത കൂടുമെന്നതിനാൽ ആവശ്യമായ എല്ലാ സഹായങ്ങളും സർക്കാർ ചെയ്തുകൊടുക്കുന്നതാണ്. അക്ഷയ സംരംഭകർക്ക് ഗവൺമെന്റ് തുടർന്നും സപ്പോർട്ട് നൽകുന്നതാണ്. അക്ഷയ കേന്ദ്രങ്ങൾക്ക് കൂടുതൽ സ്പെയ്സ് വേണമെന്ന എഗ്രിമെന്റിലെ വ്യവസ്ഥ നടപ്പിലാക്കാനുള്ള തീരുമാനം ഉടൻ ഉണ്ടാകില്ല. അക്ഷയ സംരംഭകർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

## (2) സൗജന്യ റേഷനും സാമ്പത്തിക സഹായവും

ശ്രീ. സി. ദിവാകരൻ: കേരളത്തിലുണ്ടായ അതിരൂക്ഷമായ കാലവർഷക്കെടുതിമൂലം കൊടുംപട്ടിണിയിലായ തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ഭക്ഷണം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ല. കടലാക്രമണം അനിയന്ത്രിതമാണ്. ഈ ഗവൺമെന്റ് തീരപ്രദേശങ്ങളിൽ ഒരു പുലിമുട്ടുപോലും സ്ഥാപിച്ചിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യ റേഷനും സാമ്പത്തിക സഹായവും നൽകാനും  കേരളത്തിന്റെ ദാരുണാവസ്ഥ കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തി പ്രത്യേക സഹായം നേടിയെടുക്കാനുമുള്ള അടിയന്തര നടപടിയുണ്ടാകണം. ജില്ലാഭരണകേന്ദ്രങ്ങൾ ആവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നില്ല. കാലാവസ്ഥ ഈ രീതിയിൽ തുടരുകയാണെങ്കിൽ ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങൾ മുന്നിൽക്കണ്ട് മുൻകരുതൽ നടപടികൾ സ്വീകരിക്കണം. തീരദേശ ക്യാമ്പുകൾ കാര്യക്ഷമമാക്കി ജനങ്ങളുടെ ദുരിതത്തിന് പരിഹാരമുണ്ടാക്കണം. ഇതുമായി ബന്ധപ്പെട്ട് സർവ്വകക്ഷിയോഗം വിളിച്ചുചേർക്കാൻ സന്നദ്ധമാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വരൾച്ചയുടെ രൂക്ഷതയിൽനിന്ന് സംസ്ഥാനം മൺസൂൺ ദുരന്തങ്ങളിൽപെട്ടിരിക്കുകയാണ്. കടലാക്രമണത്തിൽ തീരപ്രദേശങ്ങളിലെ നിരവധി വീടുകൾ നഷ്ടപ്പെട്ടതിനുപുറമേ ധാരാളം വീടുകൾ കടലാക്രമണഭീഷണിയിലുമാണ്. തീരപ്രദേശങ്ങളെ അടിയന്തരമായി കല്ലുകളിട്ട് സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. മാറ്റിതാമസിപ്പിക്കേണ്ടവർക്കായി പ്രത്യേക ക്യാമ്പുകൾ തുറക്കാൻ തീരുമാനമാക്കിയിട്ടുണ്ട്. അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർമാർക്ക് താൽക്കാലികമായി 50 ലക്ഷം രൂപ വീതം നൽകിയതിനുപുറമേ കൂടുതലായി വേണ്ടി വരുന്ന തുകയെ സംബന്ധിച്ച് അപ്പോൾത്തന്നെ ഗവൺമെന്റിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും യോഗം കൂടിയതിനുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരോട്

പഞ്ചായത്തുതലത്തിൽ യോഗം വിളിച്ചുചേർക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സൗജന്യ റേഷന്റെയും മറ്റ് ആശ്വാസ പ്രവർത്തനങ്ങളുടെയും കാര്യത്തിൽ കളക്ടർമാരുടെ റിപ്പോർട്ട് ലഭിച്ചശേഷം തീരുമാനമെടുക്കുന്നതാണ്. ഓരോ സ്ഥലത്തെയും പ്രശ്നം വ്യത്യസ്തമായതിനാൽ സർവ്വകക്ഷിയോഗം കൂടുന്നതിനേക്കാൾ എം.എൽ.എ.-മാരെ ഉൾപ്പെടുത്തി പ്രാദേശിക തലങ്ങളിൽ യോഗം നടത്തുന്നതായിരിക്കും ഫലപ്രദമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇന്നുതന്നെ തീരപ്രദേശങ്ങളിലെ കളക്ടർമാരുമായി ബന്ധപ്പെട്ട ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) ലോട്ടറി ടിക്കറ്റ് തുക

ശ്രീ. സി. മമ്മൂട്ടി: തിരൂരിലെ തയ്യൽ തൊഴിലാളിയായ സക്കീനയ്ക്ക് 2011 ജൂൺ മാസം നറുക്കെടുത്ത മൺസൂൺ ബമ്പർ സമ്മാനത്തുകയായ 2 കോടി രൂപയും 100 പവനും ലഭിക്കാത്തതിലെ ദുരൂഹതയെക്കുറിച്ച് പ്രത്യേക ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തി എത്രയുംപെട്ടെന്ന് സമ്മാനത്തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ കേസ് സംബന്ധിച്ച് തിരൂർ ഡിവൈ.എസ്.പി. യുടെ കീഴിൽ അന്വേഷണം നടത്തിവരികയാണ്. ടിക്കറ്റിന്റെ ഫോട്ടോകോപ്പിയുടെ പുറകിലുള്ള ഏജൻസിയുടെ സീൽ പരിശോധിച്ച് അന്വേഷിച്ചപ്പോൾ അത്തരത്തിൽ ഒരു ടിക്കറ്റ് വിറ്റിട്ടില്ലെന്നാണ് ഏജൻസിയിൽ നിന്നും അറിയാൻ സാധിച്ചത്. ബാങ്കിൽ ലോട്ടറി ടിക്കറ്റ് ഏൽപ്പിച്ചതായി തെളിവും ലഭിച്ചിട്ടില്ല. മറ്റൊരു വ്യക്തി ടിക്കറ്റ് ക്ലെയിം

ചെയ്തിരിക്കുകയാണ്. ഈ കേസ്സ് പ്രത്യേക ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്.

## (2) അരിപ്പ ഭൂസമരം

ശ്രീ. കെ. രാജു: കൊല്ലം ജില്ലയിൽ ആദിവാസി ദളിത് മുന്നേറ്റ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന അരിപ്പ ഭൂസമരം അവസാനിപ്പിക്കാനും പ്രസ്തുത ഭൂമിയോട് ചേർന്നുകിടക്കുന്ന അരിപ്പ എം.ആർ.എസ്. സ്കൂൾ ഗ്രൗണ്ടിന് സ്ഥലം റിസർവ് ചെയ്ത് ബാക്കി ഭൂമി വിട്ടുകൊടുക്കാനും സംസ്ഥാനത്തെ മുഴുവൻ ആദിവാസികളുടേയും ഭൂപ്രശ്നം പരിഹരിക്കാനും നടപടികളുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പത്തനാപുരം താലൂക്കിലെ അരിപ്പ എന്ന സ്ഥലത്തെ ആദിവാസികൾക്ക് വിതരണം ചെയ്യാൻ നീക്കിവച്ച റവന്യൂ ഭൂമിയിലാണ് ആദിവാസി ദളിത് മുന്നേറ്റ സമിതി കയ്യേറി സമരം നടത്തുന്നത്. വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ ഭൂമി നൽകാനും കേരളത്തിലെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകണമെന്ന വാഗ്ദാനം നടപ്പിലാക്കാനുമാണ് സർക്കാർ ആഗ്രഹിക്കുന്നത്. അരിപ്പ സമരക്കാരുമായി ചർച്ച ചെയ്ത് തീരുമാനം ഉണ്ടാക്കാൻ ശ്രമിക്കുന്നതായിരിക്കും.

## (3) പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് ജില്ലയിൽ പൊതുവിലും കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലുമുണ്ടായ ശക്തമായ ചുഴലിക്കാറ്റിലും മഴയിലും സംഭവിച്ച നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 26-4-13-ന് കാസർഗോഡ് ജില്ലയിലുണ്ടായ ചുഴ ലിക്കാറ്റിൽ ചില പഞ്ചായത്തുകളിലും നീലേശ്വരം, കാഞ്ഞങ്ങാട് മുനിസിപ്പാ ലിറ്റകളിലും വ്യാപകമായ കൃഷിനാശം ഉണ്ടായി. നാശനഷ്ടം ഉണ്ടായ മുഴുവൻ പ്രദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ച് കണക്കെടുക്കുകയും നാണ്യവിളകൾക്ക് സംഭവിച്ച നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ധനസഹായം നൽകാൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുമുണ്ട്. തുക എത്രയും പെട്ടെന്ന് വിത രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (4) കണ്ണൂർ ജില്ലയിൽ ഡി.ഇ.ഒ. ഓഫീസ്

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ ജില്ലയുടെ വിദ്യാഭ്യാസ പുരോഗതിക്കായി തളിപ്പറമ്പ് കേന്ദ്രമാക്കി ഒരു ഡി.ഇ.ഒ. ഓഫീസ് അനുവദിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഭൂമിശാസ്ത്രപര മായി വിസ്തൃതമായ കണ്ണൂർ ജില്ലയിൽ ഭരണ സൗകര്യത്തിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി തളിപ്പറമ്പ് ആസ്ഥാനമാക്കി ഡി.ഇ.ഒ. ഓഫീസ് രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## (5) ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം താലൂക്കിലെ മാങ്കുളം, കെ.ഡി.എച്ച് ഉൾപ്പെടെയുള്ള വില്ലേജുകളിലെ പട്ടയ പ്രശ്നത്തിനും ഭൂമിയില്ലാത്തവർക്ക് വീടുവയ്ക്കാനായി അനുവദിച്ച കുറ്റ്യാർവാലി ഉൾപ്പെടെയുള്ള അളന്ന്

തിട്ടപ്പെടുത്തിയ ഭൂമി വിനിയോഗം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിനും പരിഹാരം ഉണ്ടാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ മാങ്കുളം, കെ.ഡി.എച്ച് എന്നീ വില്ലേജുകളിലും ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിലും സർക്കാർ ഭൂമി വ്യാപകമായ രീതിയിൽ വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ കയ്യടക്കി എന്ന പരാതിയിന്മേലുള്ള അന്വേഷണം നടന്നുവരികയാണ്. കോടതികളിലും മൂന്നാർ ട്രൈബ്യൂണലിലും ഫയൽചെയ്യപ്പെട്ടിട്ടുള്ള കേസ്സുകളിൽ ഉൾപ്പെട്ട ഭൂമികളിന്മേൽ പട്ടയ നടപടികൾ പൂർത്തീകരിക്കുന്നതിനായി ചില സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുവരുന്നുണ്ട്. ബന്ധപ്പെട്ട നിയമത്തിന്റെ കീഴിൽ ആർ.ഡി.ഒ. യുടെ നേതൃത്വത്തിൽ കൈവശക്കാരുടെ ഭൂമിയുടെ വിസ്തൃതി തിട്ടപ്പെടുത്തുന്ന നടപടികളും അപേക്ഷകളുടെ വിചാരണയും നടന്നുവരികയാണ്. ഈ നടപടികൾ പൂർത്തീകരിക്കുന്നതോടുകൂടി മാങ്കുളം വില്ലേജിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതുസംബന്ധിച്ച് അടിയന്തിര യോഗം വിളിച്ചുചേർത്ത് നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## (6) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. എ.കെ. ബാലൻ: പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനും വേണ്ടത്ര ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഒരു റവന്യൂ ബ്ലോക്കിൽ ഒരു ആശുപത്രി എല്ലാവിധ സൗകര്യങ്ങളോടുംകൂടി വികസിപ്പിക്കുന്ന പദ്ധതിയിൽ വടക്കാഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സി.എച്ച്.സി. യിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## (7) ഡോക്ടർമാർക്ക് ബത്ത

ശ്രീ. കെ.കെ. ജയചന്ദ്രൻ: ഇടുക്കി ജില്ലയിലെ ഡിഫിക്കൽറ്റ് റൂറൽ ഏരിയകളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് ബത്ത അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ മേഖലകളിലും ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് നൽകിവരുന്ന സ്പെഷ്യൽ അലവൻസ് ഇടുക്കി ജില്ലയിലെ ഡിഫിക്കൽറ്റ് റൂറൽ ഏരിയകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കുകൂടി നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## (8) <u>റേഷൻ വിതരണം</u>

<u>ശ്രീ. ഇ.കെ. വിജയൻ</u>: നാദാപുരം മണ്ഡലത്തിലെ വടകര താലൂക്കിൽ റേഷൻ വ്യാപാരികൾ നടത്തിവരുന്ന സമരം അവസാനിപ്പിക്കുന്നതിനും റേഷൻ വിതരണം പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): വടകര താലൂക്കിൽ അനധികൃതമായി ഗോതമ്പ് കടത്തിയതുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം വ്യാപിപ്പിക്കുകയും പ്രത്യേക സ്ക്വാഡുകൾ റേഷൻ കടകൾ പരിശോധിക്കുകയും ചെയ്തതിനെത്തുടർന്ന് റേഷൻ ലൈസൻസികൾ രാജി സമർപ്പിക്കുകയും റേഷൻ കടകൾ അടച്ചിടുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസറുടേയും ജില്ലാ കളക്ടറുടേയും നേതൃത്വത്തിൽ റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി 12.6.13-ന് നടത്തിയ ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് 13.6.13-ന് വീണ്ടും ചർച്ച വച്ചിരിക്കുകയാണ്. മുൻകൂട്ടി നോട്ടീസ് കൊടുക്കാതെ റേഷൻ കടകൾ അടച്ചിട്ട് സമരം ചെയ്യുന്നതിനെ നേരിടുന്നതിനും അടച്ചിടുന്ന കടകൾ ഏറ്റെടുക്കുന്നതിനുമായി നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ 3(1)(2) ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പാർട്ട് സമർപ്പിക്കപ്പെട്ടു.

## റൂളിംഗ്

### രേഖയിൽനിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ ശ്രീ. പി. സി. ജോർജ് നടത്തിയ പ്രസംഗവും അതിനുശേഷം ധനാഭ്യർത്ഥന ചർച്ചയുടെ അവസാനം സഭയിലുണ്ടായ പരാമർശങ്ങളുടെ ഭാഗവും ചെയർ പരിശോധിച്ചു. ശ്രീ. പി. സി. ജോർജ് നടത്തിയ പരാമർശങ്ങൾ അദ്ദേഹം പിൻവലിക്കുകയും അതിൽ ഖേദം രേഖപ്പെടുത്തുകയും സഭാരേഖകളിൽ നിന്നും പ്രസ്തുത ഭാഗം നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതിനാൽ ചട്ടപ്രകാരം ശ്രീ. പി. സി. ജോർജ് ഇന്നലെ നടത്തിയ വിവാദ പരാമർശം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നു. ശ്രീ. പി. സി. ജോർജ് ആരോപണം ഉന്നയിക്കുന്ന വിവരം മുൻകൂട്ടി രേഖാമൂലം അറിയിച്ചിട്ടില്ലാത്തതിനാൽ പ്രസംഗമദ്ധ്യേ നടത്തിയ ഒരു പരാമർശം മാത്രമായിട്ട് ഇതിനെ കണക്കാക്കുന്നു.

## ധനകാര്യം

### 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII -- പോലീസ് (1415,60,55,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII -- ജയിലുകൾ (50,30,40,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എ.കെ. ബാലൻ, കെ.വി. അബ്ദുൾ ഖാദർ, കോടിയേരി ബാലകൃഷ്ണൻ, എളമരം കരീം, ബാബു എം. പാലിശ്ശേരി, പി. കെ. ഗുരുദാസൻ, കെ. കെ. ജയചന്ദ്രൻ, എസ്. ശർമ്മ, കെ. രാധാകൃഷ്ണൻ, കെ. ദാസൻ, വി. ചെന്താമരാക്ഷൻ, ബി. ഡി. ദേവസ്സി, എം. ഹംസ, എം. എ. ബേബി, എം ചന്ദ്രൻ, ജെയിംസ് മാത്യു, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സി. കൃഷ്ണൻ, പി. ശ്രീരാകൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കെ. നാരായണൻ, പുരുഷൻ കടലുണ്ടി, പി.റ്റി.എ. റഹിം, റ്റി. വി.. രാജേഷ്, രാജു എബ്രഹാം, സി. കെ. സദാശിവൻ, ബി. സത്യൻ, കെ. സുരേഷ് കുറുപ്പ്, കെ. വി. വിജയദാസ്, എ. എം. ആരിഫ്, സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, വി. എസ്. സുനിൽകുമാർ, പി. തിലോത്തമൻ, കെ. രാജു, കെ. അജിത്,

ഇ. കെ. വിജയൻ, ജി. എസ്. ജയലാൽ, ചിറ്റയം ഗോപകുമാർ, വി. ശശി, ഡോ. ടി. എം. തോമസ് ഐസക്, ഡോ. കെ.ടി. ജലീൽ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ പി. അയിഷാ പോറ്റി, ഇ. എസ്. ബിജിമോൾ, കെ. എസ്. സലീഖ, കെ. കെ. ലതിക, ഗീതാ ഗോപി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എളമരം കരിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ മോഷണവും ഭവന ഭേദനവും വർദ്ധിച്ചുവരുന്നതോടൊപ്പം ഗുണ്ടാ മാഫിയ സംഘങ്ങളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയും വിളനിലമായും മാറുകയാണ്. കുറ്റകൃത്യങ്ങൾ തടയാൻ പോലീസിന് സാധിക്കുന്നില്ല. തീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടഞ്ഞില്ലെങ്കിൽ അത് നിയമവാഴ്ചയ്ക്ക് ഭീഷണിയാകും. പട്ടികജാതി/പട്ടികവർഗ്ഗക്കാരോടുള്ള പോലീസിന്റെ വിവേചനപരമായ പെരുമാറ്റം അപലപനീയമാണ്. രാജ്യ സുരക്ഷയെ ബാധിക്കുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. ഇന്ത്യൻ സമ്പദ് ഘടനയെ തകർക്കുന്ന തരത്തിലുള്ള പോലീസ് ഇടപെടലുകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. നിഷ്പക്ഷമായ നീതിനിർവ്വഹണം നടത്താൻ ഗവൺമെന്റിന് കഴിയണം. എല്ലാ പൗരന്മാർക്കും തുല്യ നീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. സി. പി. മുഹമ്മദ്: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. നീതിന്യായ വ്യവസ്ഥ നടപ്പാക്കുന്നതിനും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും ക്രിമിനലുകളെ അമർച്ച ചെയ്യുന്നതിനും ഗതാഗതം നിയന്ത്രിക്കുന്നതിനും പോലീസ് സേവനം അത്യന്താപേക്ഷിതമാണ്. കുറ്റാന്വേഷണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ

പ്രയോജനപ്പെടുത്തണം. മൊബൈൽ ടവറുകൾ കേന്ദ്രീകരിച്ച് പ്രമാദമായ പല കേസ്സുകളും തെളിയിക്കുവാൻ കേരളാ പോലീസിന് കഴിഞ്ഞത് അഭിനന്ദനാർഹമാണ്. പോലീസിൽ ക്രിമിനലുകൾ വർദ്ധിച്ചുവരുന്നുവെന്ന കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പോലീസിൽ പരിഷ്ക്കരണം ആവശ്യമാണ്. ജോലിഭാരം കണക്കിലെടുത്ത് പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക ഉപകരണങ്ങൾ അവർക്ക് നൽകുകയും ചെയ്യണം. പോലീസ് സ്റ്റേഷനുകൾക്കു മുമ്പിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ അനുവദിക്കണം. ഫയർ സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുകയും പട്ടാമ്പിയിൽ അനുവദിച്ച ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളം ക്രിമിനലുകളുടെ താവളമായി മാറിയിരിക്കുകയാണ്. പോലീസുകാർ ക്രിമിനൽ കേസുകളിൽ പങ്കാളികളാകുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും കൊലപാതകങ്ങളും മോഷണവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സൈബർ കുറ്റകൃത്യങ്ങളുടെ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. 247 സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ്

കേഡറ്റ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരികയാണ്. ജനമൈത്രി പോലീസ് ജനങ്ങളുടെ മിത്രങ്ങളായി മാറിയിരിക്കുകയാണ്. വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനുകളുടെ മുമ്പിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. വർഷാവർഷം 2500 പോലീസുകാരെ നിയമിക്കുന്നതിനും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. വനിതാ എസ്.ഐ. മാരെ നേരിട്ട് നിയമിക്കുന്നതും അഞ്ച് വനിതാ ഐ.പി.എസ്.-കാർ അടങ്ങുന്ന സ്ക്വാഡ് രൂപീകരിക്കുന്നതും സ്വാഗതാർഹമാണ്. തെളിയിക്കപെടാനാവില്ലെന്ന് വിധിയെഴുതിയ 657 കൊലപാതകങ്ങളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം നൽകിക്കഴിഞ്ഞു. ഫയർഫോഴ്സ് ഡിപ്പാർട്ടുമെന്റ് ആധുനികവൽക്കരിക്കാനെടുത്ത തീരുമാനവും പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കായി പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചതും തീരദേശങ്ങളിൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചതും ജാഗ്രതാ സമിതികൾ രൂപീകരിച്ചതും സുരക്ഷാ ബോട്ടുകൾ അനുവദിച്ചതും അഭിനന്ദനാർഹമാണ്. തിരുവനന്തപുരത്തും കൊച്ചിയിലും കമ്മീഷണറേറ്റ് സ്ഥാപിക്കാനെടുത്ത തീരുമാനത്തെയും ജയിലുകളുടെ വികസനത്തിനായി 154 കോടി രൂപ നീക്കിവച്ചതിനെയും സ്വാഗതം ചെയ്യുന്നു.

ശ്രീ. സി. കെ നാണു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളെ സംബന്ധിച്ച കേസുകൾ തെളിയിക്കുന്ന കാര്യത്തിൽ വ്യക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അപകടമരണങ്ങൾക്ക് പരിഹാരം കാണാൻ

പോലീസ്-ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി പ്രവർത്തിക്കണം.

ശ്രീമതി. കെ. എസ്. സലീഖ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ചിത്രം ദയനീയമായിരിക്കുന്നു. സാമൂഹ്യ അരക്ഷിതാവസ്ഥയും മാഫിയാ സംസ്കാരവും പടരുന്നത് ജനങ്ങൾക്ക് ആശങ്ക ജനിപ്പിച്ചരിക്കുകയാണ്. മോഷണം, ഭവനഭേദനം, പിടിച്ചുപറി മുതലായവയുടെ കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. വർഗ്ഗീയ സ്വഭാവമുള്ളതും തൊഴിൽ തട്ടിപ്പുമായി ബന്ധപ്പെട്ടതുമായ കേസ്സുകൾ വർദ്ധിച്ചുവരുന്നു. ജനങ്ങൾക്ക് സുരക്ഷ നൽകുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളും ലൈംഗിക പീഡനങ്ങളും വർദ്ധിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ ക്രമസമാധാന പാലനത്തിന് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നതുമൂലം അക്രമങ്ങളും കൊള്ളയും വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പോലീസ് സേനയിൽ നടത്തിയ പരിഷ്കാരങ്ങളുടെ ഫലമായി ജനങ്ങൾക്ക് നിർഭയമായി പോലീസ് സ്റ്റേഷനുകളെ സമീപിക്കാവുന്ന സ്ഥിതി ഉണ്ടായിരിക്കുകയാണ്. സ്റ്റുഡന്റ്സ് പോലീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓപ്പറേഷൻ കുബേര മുഖേന കള്ളപ്പണത്തിന്റെ ഉറവിടം കണ്ടെത്തി പ്രതികളെ അറസ്റ്റ് ചെയ്യാനായത് സർക്കാരിന്റെ നേട്ടമാണ്. ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ടായി തിരിച്ച് കാര്യക്ഷമമായ പ്രവർത്തനം നടത്തണം. കേസ്സന്വേഷണത്തിൽ വരുന്ന

പാളിച്ചകൾ പരിഹരിക്കുന്നതിനായി ഡിവൈ.എസ്.പി. ഓഫീസ് തലത്തിൽ പ്രോസിക്യൂഷൻ വിംഗ് രൂപീകരിച്ച് കേസ് ഡയറിയും മറ്റും പരിശോധിക്കുന്ന തിനുള്ള സംവിധാനം ഏർപ്പെടുത്തണം. സബ്ജയിലുകളിലും ജില്ലാ ജയിലുകളിലും പരിഷ്കാരങ്ങൾ വരുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. റിമാന്റ് പ്രതികളെ കോടതിയിലെത്തിക്കുന്നതിനു പകരം വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തണം. മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ രണ്ടായി വിഭജിക്കാൻ തയ്യാറായത് സ്വാഗതാർഹമാണ്. അട്ടപ്പാടിയിൽ രണ്ട് പോലീസ് സ്റ്റേഷനുകൾകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്രിമിനലുകൾക്കും കൊലപാതകികൾക്കും ഇന്റർപോൾ അന്വേഷിക്കുന്ന കുറ്റവാളികൾക്കുമുള്ള സുരക്ഷിത താവളമായി സംസ്ഥാനം മാറിയിരിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പോലീസ് സേനയ്ക്ക് കർമ്മധീരതയും ഉത്തരവാദിത്വ ബോധവുമുണ്ടാക്കിയത് ഈ സർക്കാരാണ്. രാഷ്ട്രീയപരിഗണനകൾക്കതീതമായി എല്ലാവിഭാഗം ജന ങ്ങൾക്കും നീതി ഉറപ്പാക്കിക്കൊണ്ട് ജനക്ഷേമകരവും കാര്യക്ഷമവു മായിട്ടാണ് പോലീസ് സേന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ദുഷ്ക്കരവും അസാദ്ധ്യവുമായിരുന്ന പല കേസ്സുകളും അന്വേഷിച്ച് കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ട്. അഗതികൾക്കും ആലംബഹീനർക്കും ക്യാൻസർ-വൃക്ക-ഹൃദ്രോഗം തുടങ്ങിയ രോഗം ബാധിച്ചവർക്കും ബധിരർക്കും മൂകർക്കും പുനർജീവൻ നൽകിയ ഈ സർക്കാരിന്റെ ഭരണനേട്ടം അഭിനന്ദനാർഹമാണ്.

കുറ്റവാളികളെയും കൊലപാതകികളേയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ക്രമസമാധാനനില ഉറപ്പാക്കാനും കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രതിപക്ഷത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളെ ഇല്ലാതാക്കാൻ സർക്കാർ നടത്തുന്ന ശ്രമം അപലപനീയമാണ്. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ പക്ഷപാതപരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. അടിയന്തരാവസ്ഥക്കാലത്തുപോലും സ്വീകരിക്കാത്തവിധത്തിലുള്ള നികൃഷ്ടമായ രൂപത്തിലാണ് പോലീസ് രാഷ്ട്രീയ പ്രതിയോഗികളെ കൈകാര്യം ചെയ്യുന്നത്. രാഷ്ട്രീയ പാർട്ടികളോട് സ്വീകരിക്കുന്ന ഏകപക്ഷീയമായ ആക്രമണം അവസാനിപ്പിക്കണം. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നിരിക്കുകയാണ്. ജനാധിപത്യവിരുദ്ധ നടപടികൾ അവസാനിപ്പിക്കണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാ കാലഘട്ടങ്ങളിലും ഏറ്റവുമധികം വിമർശന വിധേയമാകുന്നത് ആഭ്യന്തര വകുപ്പാണ്. കുറ്റാന്വേഷണരംഗത്ത് നിഷ്പക്ഷവും നീതിപൂർവ്വകവുമായ പ്രവർത്തനം നടത്തുകയും രാഷ്ട്രീയ കൊലപാതകങ്ങളിൽ കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തുകയും ചെയ്ത സർക്കാരാണിത്. സംസ്ഥാനത്ത് സാമുദായിക സംഘട്ടനങ്ങൾ കുറഞ്ഞിരിക്കുകയാണ്. കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ തസ്തികകൾ സൃഷ്ടിച്ചത് സ്വാഗതാർഹമാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ

അംഗസംഖ്യ വർദ്ധിപ്പിക്കണം. നീതിന്യായം ഉറപ്പാക്കാൻ ശ്രമിക്കുന്ന സർക്കാരാണിത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്രിമിനലുകൾ പോലീസിൽ വർദ്ധിക്കുന്നതും ഉയർന്ന പോലീസുദ്യോഗസ്ഥർ ഗുണ്ടകളുമായി ബന്ധം പുലർത്തുന്നതും അന്വേഷണ വിധേയമാക്കണം. അന്യസംസ്ഥാനത്തുനിന്നുള്ള മോഷ്ടാക്കൾക്കും ക്രിമിനലുകൾക്കും കേരളം സുരക്ഷിത താവളമായി മാറിയിരിക്കുകയാണ്. ഫോറൻസിക് റിപ്പോർട്ടുകൾക്കുള്ള കാലതമസം ഒഴിവാക്കാനായി ആവശ്യമായ ഫോറൻസിക് ലാബുകൾ സൃഷ്ടിക്കണം. സംസ്ഥാനത്ത് മോഷണവും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. തലസ്ഥാനനഗരം സ്ത്രീസുരക്ഷ കുറഞ്ഞ നഗരമായി മാറിയിരിക്കുന്നു. ആദിവാസി പീഡനകേസ്സുകൾ വർദ്ധിക്കുന്നു. ജയിലുകളിൽ മൊബൈൽ ഫോണുകളും ഉപഗ്രഹ ഫോണുകളും ഉപയോഗിക്കുന്നതുമൂലം തീവ്രവാദ പ്രവർത്തനങ്ങൾ ശക്തിപ്പെടുകയാണ്. സുരക്ഷാക്രമീകരണങ്ങളുടെ അഭാവത്താൽ കൊടുംക്രിമിനലുകൾവരെ ജയിൽ ചാടുന്ന അവസ്ഥയും പരോളിലിറങ്ങുന്ന തടവുകാർ യഥാസമയം തിരിച്ചെത്താത്തതും പരിശോധനയ്ക്ക് വിധേയമാക്കണം.

ശ്രീ. കെ. മുരളീധരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസുകാരുടെ ഡ്യൂട്ടി സമയത്തിൽ ക്ലിപ്തത വരുത്തുകയും സ്റ്റാഫ് പാറ്റേണിലും പോലീസ് സ്റ്റേഷന്റെ സ്ട്രക്ച്ചറിലും മാറ്റമുണ്ടാക്കുകയും വേണം. 3600 പേർക്ക് പുതുതായി പോലീസ് വകുപ്പിൽ നിയമനം നൽകുകയും ജനമൈത്രി പോലീസ് സ്റ്റേഷനിലേയ്ക്ക് 743 തസ്തിക

അനുവദിക്കുകയും ചെയ്തു. ജനസംഖ്യാനുപാതികമായി പോലീസുകാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കണം. ഓരോ പഞ്ചായത്തിലും ഒരു പോലീസ് സ്റ്റേഷൻ എന്ന രീതി നടപ്പാക്കണം. വിവിധ മേഖലകളിലേയ്ക്ക് പോലീസു കാരുടെ സേവനം ലഭ്യമാക്കുന്നതിനും ജോലി ഭാരം കുറയ്ക്കുന്നതിനും കൂടുതൽ തസ്തികകൾ സൃഷ്ടിക്കണം. അധോലോക ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥരെ കണ്ടുപിടിച്ച് ശിക്ഷിക്കണം. കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി കേസുകൾ തെളിയിക്കാനും വർഗ്ഗീയ കലാപങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഭരണപക്ഷത്തുനിന്ന് സംസാരിച്ചവരെല്ലാം ഈ ഭരണത്തിൻ കീഴിൽ ക്രമസമാധാന നില മെച്ചപ്പെട്ടിരിക്കുന്നു എന്നാണ് അവകാശപ്പെട്ടത്. ഇവിടെ സ്ത്രീകൾ സുരക്ഷിതരല്ലാതാകുന്ന സന്ദർഭങ്ങളും സാമുദായിക അകൽച്ചയും മുമ്പില്ലാത്തവിധം വർദ്ധിച്ചുവരുന്നു. അക്രമം, കൊലപാതകം, കൊള്ള, പിടിച്ചുപറി, മാഫിയാ പ്രവർത്തനങ്ങൾ എന്നിവ പെരുകിക്കൊണ്ടിരിക്കുന്നു. ഈ സർക്കാർ അധികാരം നിലനിർത്തുന്നതുതന്നെ പോലീസിനെയും വിജി ലൻസിനെയും ഉപയോഗിച്ചുകൊണ്ടാണ്. നിയമത്തോട് കൂറുപുലർത്തുന്ന പോലീസുകാരെ വ്യാപകമായി സ്ഥലം മാറ്റിക്കൊണ്ടിരിക്കുന്നു. പോലീസ് അസോസിയേഷനെ രാഷ്ട്രീയവത്കരിച്ചു, ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടി യുടെ പോഷക സംഘടനയാക്കി മാറ്റി. രാഷ്ട്രീയ കൊലപാതക കേസുകളി ലെല്ലാം തികച്ചും പക്ഷപാതപരമായ സമീപനമാണ് പോലീസിന്റെ ഭാഗത്തുനി ന്നുണ്ടാകുന്നത്. ഇവിടെ പ്രതിപക്ഷത്തെ അടിച്ചമർത്താൻ പോലീസിനെ ദുരുപയോഗപ്പെടുത്തുകയാണ്. തീവ്രവാദികൾ അഴിഞ്ഞാടുന്ന സ്റ്റേറ്റാക്കി

സംസ്ഥാനത്തെ മാറ്റിയിരിക്കുകയാണ്. ആർ.എസ്.എസ്-ഉം മുസ്ലിം തീവ്രവാദികളും ഉയർത്തുന്ന ഭീഷണിയോടൊപ്പം മാവോയിസ്റ്റ് ഭീഷണിയും സംസ്ഥാനത്ത് വർദ്ധിച്ചു വന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സ്ഥിതിഗതികൾ മുതലെടുത്തുകൊണ്ടാണ് മാവോയിസ്റ്റുകൾ വളർന്നത്. അത്തരമൊരു സ്ഥിതിവിശേഷത്തിലേയ്ക്ക് ഈ സംസ്ഥാനത്തെ കൊണ്ടുപോകാനുള്ള സാഹചര്യമാണ് ഈ ഭരണത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. രാഷ്ട്രീയ പ്രതിയോഗികളെ ഒതുക്കാൻ പോലീസിനെ ഉപയോഗിച്ച് വ്യാപകമായി ഫോൺ ചോർത്തിവരികയാണ്. രാജ്യരക്ഷയ്ക്ക് ആപത്കരമായി എന്തെങ്കിലും പ്രവർത്തനം നടത്തിയതുകൊണ്ടല്ല പ്രമുഖരായ പൊതുപ്രവർത്തകരുടെ ഫോൺ ചോർത്തുന്നത്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട തടവുകാരൻ രക്ഷപ്പെട്ടിരിക്കുന്നു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആൾ ജയിലിൽ കിടക്കുമ്പോൾ ജയിലിൽ ആവശ്യമായ സുരക്ഷിതത്വ സംവിധാനം നൽകുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് ഉണ്ടായത്. സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കണം. അഞ്ചുവർഷം മുമ്പ് പുതുക്കിയ തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ജീവപര്യന്തം തടവുകാർക്ക് ഇളവുകൾ നൽകി മോചിപ്പിക്കുന്നതിന് ഗവൺമെന്റിന് അധികാരമുണ്ട്. ഇക്കാര്യം പരിശോധിച്ചുകൊണ്ട് അർഹരായവരെ മോചിപ്പിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കണം. പോലീസ് ഓഫീസർമാരുടെ ആവിഷ്കാര സ്വാതന്ത്ര്യം നിഷേധിക്കുന്ന യാതൊന്നും ഗവൺമെന്റ് സ്വീകരിക്കാൻ പാടില്ല. രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്തി കേരളം

ഭരിക്കാമെന്ന് ഗവൺമെന്റ് കരുതരുത്. 'കാപ്പ' ആക്ട് ദുരപയോഗപ്പെടുത്തിക്കൊണ്ടും പൊതുപ്രവർത്തകരെ ജയിലിൽവച്ചു കൊണ്ടും നാടുകടത്തിക്കൊണ്ടും ഭരണം നടത്താനാണ് തീരുമാനമെങ്കിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ശക്തമായി നേരിടുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചർച്ചയിലുണ്ടായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. പോലീസ് സേനയുടെ അംഗബലം കൂട്ടുന്നതിന് 3381 തസ്തികകൾ അനുവദിച്ചു. ജനമൈത്രി സുരക്ഷാ പദ്ധതി 100 പോലീസ് സ്റ്റേഷനുകളിൽക്കൂടി വ്യാപിപ്പിക്കുന്നതാണ്. ഐ.സി.ടി സൗകര്യത്തോടുകൂടിയ വനിതാ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നതാണ്. പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഐ.ജി. യുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിക്കും. ഈ സർക്കാർ പുതുതായി ഏഴ് പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. പോലീസുകാരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഘട്ടംഘട്ടമായി ഒരു പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ വീതം സ്ഥാപിക്കുന്നതാണ്. തിരുവനന്തപുരത്തുള്ള ഹൈടെക് പോലീസ് സ്റ്റേഷൻ മെച്ചപ്പെടുത്തുന്നതോടൊപ്പം നാല് റേഞ്ചുകളിൽ ഓരോ ട്രാഫിക് പോലീസ് സ്റ്റേഷനും പുതുതായി ആരംഭിക്കുന്നതാണ്. കൊച്ചി കേന്ദ്രീകരിച്ചും പ്രധാനപ്പെട്ട താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകളിലും സി.സി.ടി.വി. നിരീക്ഷണ സംവിധാനം നടപ്പിലാക്കുകയും പ്രസ്തുത സമ്പ്രദായം മെച്ചപ്പെടുത്തുകയും

ചെയ്യുന്നതാണ്. ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല എന്നീ ക്ഷേത്രങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ രൂപീകരിച്ചിട്ടുള്ള തണ്ടർ ബോൾട്ട് എന്ന കേരള കമാന്റോ ഫോഴ്സിന്റെ ഓപ്പറേഷൻസ് ആവശ്യമായ സ്ഥലങ്ങളിലും ആവശ്യമായ സന്ദർഭത്തിലും വിനിയോഗിക്കുന്നുണ്ട്. സംസ്ഥാന പോലീസിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ് രൂപീകരിക്കുകയും 150 സേനാംഗങ്ങൾക്കുള്ള പ്രത്യേക പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് ബീറ്റ് സമ്പ്രദായം ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കുറ്റാന്വേഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഡിജിറ്റൽ മൊബൈൽ ഇൻവെസ്റ്റിഗേഷൻ ഉപകരണങ്ങൾ നൂറ് പോലീസ് സ്റ്റേഷനുകളിൽ ഇതിനോടകം നൽകിക്കഴിഞ്ഞു. കൂടാതെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റവും വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റവും നടപ്പാക്കുകയുണ്ടായി. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരെ സഹായിക്കുന്നതിനായി വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്നതാണ്. സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിനെ നിയമിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. തീരദേശ സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു എ.ഡി.ജി.പി. യുടെ നേതൃത്വത്തിൽ തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും കടലോര ജാഗ്രതാ സമിതികളുടെ എണ്ണം 76-ൽ നിന്നും 150 ആയി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വനിതാ കോൺസ്റ്റബിൾമാരുടെ എണ്ണവും വർദ്ധിപ്പിക്കുന്നതാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് 47 സ്കൂളുകളിലേയ്ക്ക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. പോലീസിന്റെ മൊബിലിറ്റി ഉറപ്പാക്കുന്ന

തിനായി 403 വാഹനങ്ങൾകൂടി വാങ്ങുന്നതാണ്. സൈബർ മേഖലയിലെ പോലീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്. പൂജപ്പുര സെൻട്രൽ ജയിലിലെ സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് പഠിച്ച് പത്ത് ദിവസത്തിനുള്ളിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഹോം സെക്രട്ടറിയും സ്റ്റേറ്റ് ചീഫ് മാർഷലും ജയിൽ ഡി.ജി.പി.-യും അംഗങ്ങളായി ഒരു സമിതിയെ നിയോഗിക്കുന്നതാണ്. പോലീസ് 'കാപ്പ' നിയമം ദുരുപയോഗപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.ബി.സി.ഐ.ഡി. ഒരു കെട്ടിടവും വാടകയ്ക്ക് എടുത്തിട്ടില്ല. പൊതുപ്രവർത്തകരുടെ ടെലിഫോൺ ചോർത്തുന്ന പ്രശ്നമില്ല.

(ഫോൺ ചോർത്തലുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷനേതാവിന്റെ സീറ്റിനുസമീപം നടുത്തളത്തിനടുത്ത് നിന്ന് മുദ്രാവാക്യം വിളിക്കുകയും തുടർന്ന് സഭാ നടപടികൾ ബഹിഷ്കരിച്ച് പുറത്തുപോകുകുകയും ചെയ്തു.)

ഫോൺ ചോർത്തി എന്നുള്ളതിന് വ്യക്തമായ ഒരു തെളിവും ഹാജരാക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. സരിതാ എസ്. നായരുമായി ബന്ധപ്പെട്ട കേസിനെക്കുറിച്ച് അന്വേഷണം നടത്താൻ സൗത്ത്സോൺ എ.ഡി.ജി.പി. ഹേമചന്ദ്രന്റെ നേതൃത്വത്തിലുള്ള ഉന്നത ഉദ്യോഗസ്ഥ സംഘത്തെ സർക്കാർ ചുമതലപ്പെടുത്തുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും പാസ്സാക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.21-ന് പിരിഞ്ഞു.

-------